# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 24**

---

## വിദ്യാർഥികൾ ബഹിരാകാശ പഠന സാധ്യതകൾ പ്രയോജനപ്പെടുത്തണം– ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ

ബഹിരാകാ പഠന മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ വിദ്യാർഥികൾ പരിശ്രമിക്കണമെന്ന് തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെന്റർ ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ നിർദേശിച്ചു. മഹാത്മാ ഗാന്ധി സർവകലാശാലയിൽ പി.കെ. അയ്യങ്കാർ സ്മാരക പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

വർഷങ്ങൾ പിന്നിടും തോറും വികസിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര മേഖലയാണ് ബഹിരാകാശ പഠനം. വിവിധ പഠനാവശ്യങ്ങൾക്കായി ഉപഗ്രഹങ്ങൾ തയ്യാറാക്കി വിക്ഷേപിക്കുന്ന പ്രവർത്തനങ്ങളിൽ വിദ്യാർഥികൾ സജീവമാണിപ്പോൾ. മികച്ച ആശയങ്ങളുമായി വരുന്ന വിദ്യാർഥികൾക്ക് ഐ.എസ്.ആർ.ഒ മാർഗനിർദേശവും പിന്തുണയും നൽകുന്നുണ്ട്. ഇത്തരം ആശയങ്ങൾക്കായി കൂട്ടായ പരിശ്രമം നടത്തണം– അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ ബഹിരാകാശ ഗവേഷണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ച ഡോ. ഉണ്ണികൃഷ്ണൻ നായർ വിദ്യാർഥികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

കേരള ശാസ്ത്ര കോൺഗ്രസിനു മുന്നോടിയായി സംഘടിപ്പിച്ച പ്രഭാഷണ പരിപാടി സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ(കെ.എസ്.സി.എസ്.ടി.ഇ) എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് പ്രഫ. കെ.പി. സുധീർ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു.

സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, കെ.എസ്.സി.എസ്.ടി.ഇ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ. ബിനൂജ തോമസ് എന്നിവർ സംസാരിച്ചു. കെ.എസ്.സി.എസ്.ടി.ഇ, കേരള കാർഷിക സർവകലാശാല, മഹാത്മാ

ഗാന്ധി സർവകലാശാല, കേരള വന ഗവേഷണ കേന്ദ്രം എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ഫോട്ടോ ക്യാപ്ഷൻ...

MGU LECTURE 1
മഹാത്മാ ഗാന്ധി സർവകലാശാലയിൽ പി.കെ. അയ്യങ്കാർ സ്മാരക പ്രഭാഷണ പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.ഡോ. ബിനൂജ തോമസ്, പ്രഫ. കെ.പി. സുധീർ, വി.എസ്.എസ്.സി ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ എന്നിവർ സമീപം.

MGU LECTURE 2
തിരുവനന്തപുരം വി.എസ്.എസ്.സി ഡയറക്ടർ ഡോ. എസ്. ഉണ്ണികൃഷ്ണൻ നായർ മഹാത്മാ ഗാന്ധി സർവകലാശാലയിൽ പി.കെ. അയ്യങ്കാർ സ്മാരക പ്രഭാഷണം നടത്തുന്നു.

(പി.ആർ.ഒ/39/1249/2025)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഒക്ടോബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1250/2025)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബിവോക്ക് അഡ്വാൻസ് കോഴ്സ് ഇൻ മൾട്ടിസ്പോർട്സ് ആന്റ് ഫിറ്റ്നസ് ട്രെയിനിംഗ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി നാല് മുതൽ മാറമ്പള്ളി എംഇഎസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

..............................

മൂന്നാം സെമസ്റ്റർ എംഎസ്സി സുവോളജി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 28 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

..............................

മൂന്നാം സെമസ്റ്റർ എംഎസ്സി അപ്ലൈഡ് ഇലക്ട്രോണിക്സ് (സി.എസ്.എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 29ന് ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

..............................

മൂന്നാം സെമസ്റ്റർ സിബിസിഎസ് ബിസിഎ/ ബിഎസ്സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 ട്രിപ്പിൾ മെയിൻ(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 27ന് തുടങ്ങും. ടൈം ടേബിൾ വെബ് സൈറ്റിൽ

..............................

മൂന്നാം സെമസ്റ്റർ ബിവോക് കളിനറി ആർട്സ് ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ആറു മുതൽ ആലുവ സെന്റ് സേവ്യേഴ്സ് കോളജ് ഫോർ വിമെനിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

..............................

മൂന്നാം സെമസ്റ്റർ സിബിസിഎസ് ബിഎഫ്ടി/ ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ മോഡൽ 3(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 27ന് തുടങ്ങും. ടൈം ടേബിൾ വെബ് സൈറ്റിൽ

(പി.ആർ.ഒ/39/1251/2025)

## വൈവ വോസി

ഒന്നാം സെമസ്റ്റർ എംഎസ്ഡബ്ല്യു സി.എസ്.എസ്(2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷ ജനുവരി 30 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1252/2025)

## ഉൾനാടൻ ജലഗതാഗത ക്രൂ സർട്ടിഫിക്കേഷൻ പ്രോഗ്രാം

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഉൾനാടൻ ജലഗതാഗത ക്രൂ സർട്ടിഫിക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. മൂന്നു മാസത്തെ കോഴ്സിന്റെ ഭാഗമായി ജലയാനങ്ങളിൽ പ്രായോഗിക പരിശീലനവും നൽകും. ടൂറിസം മേഖലയിൽ ജോലി ലഭിക്കാൻ ഉപകരിക്കുന്ന കോഴ്സിന്റെ പുതിയ ബാച്ച് ഫെബ്രുവരി 10ന് ആരംഭിക്കും

റെഗുലർ വാരാന്ത്യ ബാച്ചുകൾ ഉണ്ടാകും, പ്രായപരിധിയില്ല അടിസ്ഥാനയോഗ്യത എസ്എസ്എൽസി. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ. (https://sts.mgu.ac.in) ഫോൺ– 9447723704; 04812733374 (പി.ആർ.ഒ/39/1253/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**